**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 373** **19-07-2022 - ൽ മറുപടിയ്ക്ക്**

**പട്ടിക വിഭാഗത്തിൽപ്പെട്ടവർക്കുള്ള തൊഴിൽ, മാനവശേഷി വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട എൻജിനീയറിംഗ് യോഗ്യതയുള്ളവരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതി മേൽനോട്ടത്തിന് നിയമിക്കുന്നതിന് പ്രത്യേകമായ പദ്ധതി ആവിഷ്കരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എന്തൊക്കെ കാര്യങ്ങളാണ് ഇതുവഴി ലക്ഷ്യമിടുന്നത്; വിശദമാക്കാമോ; | (എ) | പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകളും പ്രത്യേക ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി തദ്ദേശ വകുപ്പും നടപ്പിലാക്കുന്നതും എഞ്ചിനീയറിംഗ് വൈദഗ്ധ്യം ആവശ്യമുള്ളതുമായ പദ്ധതികളുടെ നിർമ്മാണ പ്രവൃത്തികൾക്ക് മേൽനോട്ടം വഹിച്ച് സമയോചിതമായ ഇടപെടൽ നടത്തുന്നതിനായി സിവിൽ എഞ്ചിനീയറിംഗ് ബിരുദം/ഡിപ്ലോമ/ ഐ.ടി.ഐ യോഗ്യതയുള്ളതും 35 വയസ്സ് പൂർത്തിയാകാത്തവരുമായ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 300 ഉം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 200 ഉം യുവതി/യുവാക്കളെ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾക്ക് കീഴിൽ അക്രഡിറ്റഡ് എഞ്ചിനീയർ/ ഓവർസീയർമാരായി 18,000/- രൂപ ഓണറേറിയത്തിൽ 2 വർഷക്കാലയളവിലേക്ക് കരാർ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഡയറക്ടറേറ്റ്, ജില്ലാ/പ്രോജക്ട് ഓഫീസ് എന്നിവിടങ്ങളിൽ നിയമിക്കുന്നതിന് 29/06/2022-ലെ സ.ഉ.(കൈ)നം.30/2022/ പജപവവിവ പ്രകാരം അനുമതി നൽകിയിട്ടുണ്ട്.<br><br>തെരഞ്ഞെടുക്കപ്പെടുന്നവർക്ക് നിർമ്മാണ മേഖലയിലെ വിവിധ പദ്ധതികൾ, പുതിയ പ്രവണതകൾ, എഞ്ചിനീയറിംഗ് സോഫ്റ്റ് വെയറുകൾ എന്നിവയെപ്പറ്റിയുള്ള സമഗ്ര എഞ്ചിനീയറിംഗ് പരിശീലനം കിലയുടെ ആഭിമുഖ്യത്തിൽ നൽകുന്നതാണ്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട അഭ്യസ്ത വിദ്യർക്ക് തൊഴിൽ പരിചയം നൽകുന്നതിനും അതിലൂടെ മാനവശേഷി വികസിപ്പിക്കുന്നതിനും ടി പദ്ധതിയിലൂടെ ലക്ഷ്യമിടുന്നുണ്ട്. സർക്കാർ സംവിധാനത്തിലൂടെ |

| | | | |
|---|---|---|---|
| | | | തൊഴിൽ പരിചയം സിദ്ധിയ്ക്കുന്നതിലൂടെ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് സർക്കാർ/ സ്വകാര്യ മേഖലകളിൽ മികച്ച തൊഴിൽ അവസരങ്ങൾ ലഭ്യമാകുന്നതിനും സമൂഹത്തിന്റെ മുഖ്യ ധാരയിലേയ്ക്ക് കടന്നു വരുന്നതിനും ടി പദ്ധതിയിലൂടെ സാധിയ്ക്കുന്നതാണ്.<br><br>പട്ടികജാതി വികസന വകുപ്പിൽ 300 ഉം പട്ടികവർഗ്ഗ വികസന വകുപ്പിൽ 200 ഉം അക്രഡിറ്റഡ് എഞ്ചിനീയർ/ഓവർസിയർമാരെ നിയമിയ്ക്കുന്നതിനുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | പട്ടികജാതി വിഭാഗത്തിലെ യുവതി, യുവാക്കൾക്ക് പരിശീലനം, തൊഴിൽ, മാനവശേഷി വികസനം എന്നിവയ്ക്കായി പ്രത്യേക പദ്ധതികൾ പരിഗണനയിലുണ്ടോ; വിശദാംശം നൽകാമോ? | (ബി) | നൈപുണ്യ വികസന പരിശീലന പരിപാടി, വിദേശതൊഴിൽ ധനസഹായ പദ്ധതി, പട്ടികജാതി വിഭാഗക്കാർ അംഗങ്ങളായുള്ള സ്വാശ്രയ സംഘങ്ങൾക്കുള്ള ധനസഹായം, സ്വയം തൊഴിൽ സബ്സിഡി പദ്ധതി എന്നീ പദ്ധതികളാണ് പട്ടികജാതി വിഭാഗത്തിലെ യുവതി, യുവാക്കൾക്ക് പരിശീലനം, തൊഴിൽ, മാനവശേഷി വികസനം എന്നിവയ്ക്കായി നടപ്പാക്കി വരുന്നത്. അക്രഡിറ്റഡ് എഞ്ചിനീയർ/ ഓവർസിയർ നിയമനം കൂടാതെ, നഴ്സിംഗ്/ പാരാമെഡിക്കൽ മേഖലയിലുള്ളവർക്ക് പ്രാഥമികാരോഗ്യകേന്ദ്രം മുതൽ സർക്കാർ മെഡിക്കൽ കോളേജ് വരെയുള്ള ആശുപത്രികളിൽ തൊഴിൽ പരിചയത്തിനായി ഓണറേറിയം വ്യവസ്ഥയിൽ രണ്ട് വർഷക്കാലയളവിലേയ്ക്ക് നിയമിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. അതിനു പുറമെ, അഭ്യസ്തവിദ്യരായ യുവജനങ്ങളുടെ വിദ്യാഭ്യാസ യോഗ്യതയ്ക്കനുസരിച്ച് വിവിധ വകുപ്പുകളിലും / സ്ഥാപനങ്ങളിലും ഹോണറേറിയം വ്യവസ്ഥയിൽ താത്ക്കാലിക നിയമനം നൽകി തൊഴിൽ പരിശീലനം നൽകുവാനും വകുപ്പ് ഉദ്ദേശിക്കുന്നു. പട്ടികവിഭാഗത്തിൽപ്പെട്ട യുവജനങ്ങളെ ഒരേസമയം തൊഴിൽ സംരംഭകരായും തൊഴിൽദാതാക്കളുമായി മാറ്റുന്നതിന് എംപവർമെന്റ് സൊസൈറ്റികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ